website

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**
**KSHB Building, ശാന്തി നഗർ, തിരുവനന്തപുരം-1.**

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: ബി.ശ്രീകുമാർ, ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം-. ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥലംമാറ്റം - അനോമലി പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) എ2/7862/15 തീയതി, 3.3.2015 തീയതിയിലെ സർക്കുലർ.
2) എ2/7862/15 തീയതി, 18.05.2015 ലെ ജോയിന്റ് ഡയറക്ടറുടെ പൊതുസ്ഥലംമാറ്റ ഉത്തരവ്.

*********

**ഉത്തരവ് നമ്പർ: എ2/7862/2015 തീയതി: 07.07.2015**

ഈ വകുപ്പിൽ പരാമർശം (2) പ്രകാരം പൊതുസ്ഥലംമാറ്റം നടപ്പിലാക്കി വിവിധ ട്രേഡുകളിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 2015 -ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് അപാകത ഉള്ളതാണെന്നും ആയത് പരിഹരിക്കണമെന്നും താഴെപ്പറയുന്ന ജീവനക്കാർ അപേക്ഷിച്ചു.

| ക്രമ നം | പേര് | ട്രേഡ് | ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | കെ.ഗോപിനാഥൻ | വെൽഡർ | ഐ.ടി.ഐ നെന്മാറ | ഐ.ടി.ഐ മലമ്പുഴ | |
| 2 | പി.രമേഷ്റാവു | വെൽഡർ | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ കയ്യൂർ | |
| 3 | മുഹമ്മദ് അഫ്സൽ | ഇ/മെക്ക് | ഐ.ടി.ഐ ഏറ്റുമാനൂർ | ഐ.ടി.ഐ കളമശ്ശേരി | |
| 4 | അലക്സ് ആന്റണി | ഇ/മെക്ക് | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ ഏറ്റുമാനൂർ | |
| 5 | സിനി.ഐ | ഇ/മെക്ക് | ഐ.ടി.ഐ (വ) കൊല്ലം | ഐ.ടി.ഐ മലമ്പുഴ | |
| 6 | സോളി.എം.എ | ഇ/മെക്ക് | ഐ.ടി.ഐ (വ) കൊല്ലം | ഐ.ടി.ഐ കളമശ്ശേരി | |
| 7 | ശ്രീകലകുമാരി. കെ.എൻ | ഇ/മെക്ക് | ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ(വ) കളമശ്ശേരി | |
| 8 | രിസ്ന.പി.വി | ഇ/മെക്ക് | ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ കോഴിക്കോട്/ (വ) കോഴിക്കോട് | |

| | | | | | |
|---|---|---|---|---|---|
| 9 | അരുൺകുമാർ | സ്പെഷ്യൽ ഇൻസ്ട്രക്ടർ | ഐ.ടി.ഐ ധനുവച്ച പുരം | ഐ.ടി.ഐ (വ) കൊല്ലം (മെക്കാനിക്ക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്, ട്രേഡ് മാറ്റം) | |
| 10 | എൻ.ജി.മനോജ് | ടർണർ | ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ കളമശ്ശേരി/ ചാലക്കുടി | |
| 11 | ജഗനാഥ്.കെ.ആർ | എം.ആർ.എ.സി | ഐ.ടി.ഐ വയലാർ | ഐ.ടി.ഐ കളമശ്ശേരി | |
| 12 | ബൈജു.സി | എം.ആർ.എ.സി | ഐ.ടി.ഐ ചെങ്ങന്നൂർ | ഐ.ടി.ഐ കൊല്ലം | |
| 13 | വി.ബി.ഗിരീഷ് | എം.ആർ.എ.സി | ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ കളമശ്ശേരി | |
| 14 | രാജേഷ്.എ | എം.ആർ.എ.സി | ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ കളമശ്ശേരി | |
| 15 | വി.ബി.സത്യൻ | ഫിറ്റർ | ഐ.ടി.ഐ ചാക്ക | ഐ.ടി.ഐ കളമശ്ശേരി | |
| 16 | എ.പി.നൗഷാദ് | ഫിറ്റർ | ഐ.ടി.ഐ ഏറ്റുമാനൂർ | ഐ.ടി.ഐ കൊയിലാണ്ടി/ കോഴിക്കോട് | |
| 17 | എം.ജെ.ജോർജ്ജ് | ഫിറ്റർ | ഐ.ടി.ഐ ഏറ്റുമാനൂർ | ഐ.ടി.ഐ കളമശ്ശേരി | |
| 18 | നാരായണൻ കുഞ്ഞികണ്ണോത്ത് | ഫിറ്റർ | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ കണ്ണൂർ | |
| 19 | അബ്ദുൾ ഹമീദ് | ഫിറ്റർ | ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ കൊയിലാണ്ടി/ കോഴിക്കോട്/ അരീക്കോട് | |
| 20 | എം.ജി.അനിൽ കുമാർ | ഫിറ്റർ | ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ കളമശ്ശേരി | |
| 21 | സി.ജി.ലേഖ | ഇലക്ട്രീഷ്യൻ | ഐ.ടി.ഐ തിരുവാർപ്പ് | ഐ.ടി.ഐ ചെങ്ങന്നൂർ | |
| 22 | മുഹമ്മദ് ഷെറീഫ് | ഇലക്ട്രീഷ്യൻ | ഐ.ടി.ഐ ചെങ്ങന്നൂർ | ഐ.ടി.ഐ കൊല്ലം | |
| 23 | ബി.ഗോപകുമാർ | ഇലക്ട്രീഷ്യൻ | ഐ.ടി.ഐ നിലമ്പൂർ | ഐ.ടി.ഐ ചെങ്ങന്നൂർ/ തിരുവാർപ്പ് | |
| 24 | സന്തോഷ്കുമാർ | മെഷിനിസ്റ്റ് | ഐ.ടി.ഐ കൊല്ലം | ഐ.ടി.ഐ ഏറ്റുമാനൂർ | |

| | | | | | |
|---|---|---|---|---|---|
| 25 | കെ.വി. സുഭാഷ് | മെഷിനിസ്റ്റ് | ഐ.ടി.ഐ ചെങ്ങന്നൂർ | ഐ.ടി.ഐ ഏറ്റുമാനൂർ | |
| 26 | മുഹമ്മദ് വയലമ്പിൽ | വയർമാൻ | ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ കണ്ണൂർ | |
| 27 | സി.ജെ.ലിൻസ് | വയർമാൻ | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ കൽപ്പറ്റ/ കോഴിക്കോട് | |
| 28 | എം.അലിയാപ്പു | വയർമാൻ | ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ അരീക്കോട്/ കോഴിക്കോട് | |
| 29 | സി.പി.മിനിമോൾ | ഡി/സിവിൽ | ഐ.ടി.ഐ (വ) ചാലക്കുടി | ഐ.ടി.ഐ (വ) കളമശ്ശേരി | |
| 30 | അശോകൻ.പി | ഫൗണ്ടറിമാൻ | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ കണ്ണൂർ (മെക്കാനിക്ക് മെക്കട്രോണിക്സ്) | |
| 31 | ബെന്നി.കെ. സെബാസ്റ്റ്യൻ | എ.സി.ഡി | ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ ആരക്കുഴ | |
| 32 | സുധീർ.എൻ.എസ് | എം.എം.വി | ഐ.ടി.ഐ പള്ളിക്കത്തോട് | ഐ.ടി.ഐ ചാലക്കുടി | |

മേൽ പട്ടികയിൽ സീരിയൽ നമ്പർ 1, 6, 7, 8, 9, 10, 11, 14, 16, 17, 18, 19, 20, 22, 23, 24, 25, 27, 30 എന്നിവരെ തുറന്ന ഒഴിവില്ലാത്തതിനാലും പൊതുസ്ഥലംമാറ്റ നിബന്ധനകൾക്ക് വിധേയമല്ലാത്തതിനാലും പരിഗണനാർഹമല്ല. ഇവയൊഴികെ മേൽപ്രസ്താവിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്നതരത്തിൽ അനോമലി അപേക്ഷകൾ പരിഹരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 18.05.2015 തീയതിയിലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ക്രമനമ്പർ (7) വെൽഡർ ട്രേഡിലെ മലമ്പുഴ ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.പി.രമേഷ് റാവുവിനെ കയ്യൂർ ഐ.ടി.ഐ യിൽ സ്ഥലംമാറ്റി നിയമിച്ചിരുന്നു. കയ്യൂർ ഐ.ടി.ഐ യിൽ ഒഴിവുണ്ടെന്ന പ്രിൻസിപ്പാളിന്റെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റിയ പ്രസ്തുത സ്ഥലംമാറ്റം റദ്ദാക്കി ഉത്തരവാകുന്നു.

3, ഏറ്റുമാനൂർ ഐ.ടി.ഐ യിലെ ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.മുഹമ്മദ് അഫ്സലിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ രോഗാവസ്ഥയും അപേക്ഷയും പരിഗണിച്ച് കളമശ്ശേരി ഐ.ടി.ഐ യിൽ ഇപ്പോഴുണ്ടായിട്ടുള്ള തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു. ഏറ്റുമാനൂർ ഐ.ടി.ഐ യിൽ ടിയാന് പകരം മലമ്പുഴ ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ. അലക്സ് ആന്റണിയെ ടിയാന്റെ അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിക്കുന്നു.

5. കൊല്ലം (വ) ഐ.ടി.ഐ യിലെ ഇലക്ട്രോണിക് മെക്കാനിക്ക് ട്രേഡിലെ ഇൻസ്ട്രക്ടർ ആയ ശ്രീമതി.ഐ.സിനി മലമ്പുഴ ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ ശ്രീ.അലക്സ് ആന്റണിയെ മാറ്റുന്ന ഒഴിവിൽ ശ്രീമതി.ഐ.സിനിയെ മലമ്പുഴ ഐ.ടി.ഐ യിൽ പകരം നിയമിച്ച് ഉത്തരവാകുന്നു.

12. ശൂന്യവേതനാവധിയിൽ പ്രവേശിച്ചതുപ്രകാരം കൊല്ലം ഐ.ടി.ഐ യിൽ ഇപ്പോഴുണ്ടായിട്ടുള്ള എം.ആർ.എ.സി ട്രേഡിലെ തുറന്ന ഒഴിവിൽ ചെങ്ങന്നൂർ ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.ബൈജു.സി അപേക്ഷിച്ചിരിക്കുന്നു. മറ്റ് അപേക്ഷകരിൽ ഇല്ലാത്ത സാഹചര്യത്തിൽ ശ്രീ.ബൈജു.സി യെ കൊല്ലം ഐ.ടി.ഐ യിലെ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

13. കളമശ്ശേരി ഐ.ടി.ഐ യിലെ എം.ആർ.എ.സി ട്രേഡിലെ ഒഴിവിൽ വയലാർ ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.ആർ.ജഗന്നാഥ്, ചാലക്കുടി ഐ.ടി.ഐ യിലെ ശ്രീ.വി.ബി.ഗിരീഷ്, ശ്രീ.രാജേഷ്.എ ഏറ്റുമാനൂർ ഐ.ടി.ഐ യിലെ എം.എസ്.വിനോദ്കുമാർ എന്നിവർ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ട്. സീനിയോരിറ്റി പരിഗണിച്ച് ഏറ്റുമാനൂർ ഐ.ടി.ഐ യിലെ ശ്രീ.എം.എസ്.വിനോദ്കുമാറിനെ കളമശ്ശേരി ഐടി.ഐ യിലെ തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

15. കളമശ്ശേരി ഐ.ടി.ഐ യിൽ ഇപ്പോഴുണ്ടായിട്ടുള്ള ഫിറ്റർ ട്രേഡിലെ ഇൻസ്ട്രക്ടറുടെ ഒഴിവിലേയ്ക്ക് ചാക്ക ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.പി.ബി.സത്യൻ, ഏറ്റുമാനൂർ ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.എം.ജെ.ജോർജ്ജ് കട്ടപ്പന ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.എം.ജി.അനിൽകുമാർ എന്നിവർ അപേക്ഷിച്ചിട്ടുണ്ട്. ഈ ഒഴിവിൽ ചാക്ക ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.വി.ബി.സത്യനെ കളമശ്ശേരി ഐ.ടി.ഐ യിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

21. ചെങ്ങന്നൂർ ഐ.ടി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ ഉണ്ടായ തുറന്ന ഒഴിവിലേയ്ക്ക് തിരുവാർപ്പ് ഐ.ടി.ഐ യിലെ ഇലക്ട്രീഷ്യൻ ട്രേഡിലെ ഇൻസ്ട്രക്ടർ ശ്രീമതി.സി.ജി.ലേഖ, നിലമ്പൂർ ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടറായ ശ്രീ.ഗോപകുമാർ.ബി എന്നിവർ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ട്. സീനിയോരിറ്റി പരിഗണിച്ച് ശ്രീമതി.സി.ജി.ലേഖയുടെ അപേക്ഷ പ്രകാരം ടിയാളെ ചെങ്ങന്നൂർ ഐ.ടി.ഐ യിലെ നിലവിലുള്ള തുറന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

26. കണ്ണൂർ ഐ.ടി.ഐ യിലെ വയർമാൻ ട്രേഡിലെ തുറന്ന ഒഴിവിലേയ്ക്ക് കട്ടപ്പന ഐ.ടി.ഐ യിലെ വയർമാൻ ട്രേഡിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.മുഹമ്മദ് വയലമ്പിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.മുഹമ്മദ് വയലമ്പിന്റെ അപേക്ഷ പരിഗണിച്ച് ടിയാളെ സ്ഥലംമാറ്റി കണ്ണൂർ ഐ.ടി.ഐ യിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവ് ഉത്തരവാകുന്നു. കോഴിക്കോട് ഐ.ടി.ഐ യിലെ വയർമാൻ ട്രേഡിലെ ശ്രീ.എൻ.മുരളീധരൻ, സീനിയർ ഇൻസ്ട്രക്ടർ കണ്ണൂർ ഐ.ടി.ഐ യിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. 3 വർഷത്തിലധികമായി സേവനത്തിൽ തുടരുന്നു (2011 മുതൽ). കണ്ണൂർ ഐ.ടി.ഐ യിലെ വയർമാൻ ട്രേഡിലെ ശ്രീ.അലിയാപ്പു, സീനിയർ ഇൻസ്ട്രക്ടർ, കോഴിക്കോട് ഐ.ടി.ഐ യിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. ടിയാൾ 5/2016-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടിയാളുടെ ഭാര്യ ക്യാൻസർ രോഗിയാണ്. ആയതിനാൽ കോഴിക്കോട് ഐ.ടി.ഐ യിലെ ശ്രീ.എൻ.മുരളീധരൻ, സീനിയർ ഇൻസ്ട്രക്ടറെ കണ്ണൂർ ഐ.ടി.ഐ യിലേയ്ക്ക്

സ്ഥലംമാറ്റുന്നു. കണ്ണൂർ ഐ.ടി.ഐ യിലെ ശ്രീ.അലിയാപ്പു, സീനിയർ ഇൻസ്ട്രക്ടറെ കോഴിക്കോട് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

29. കളമശ്ശേരി (വ) ഐ.ടി.ഐ യിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലെ ഒഴിവിൽ ചാലക്കുടി (വ) ഐ.ടി.ഐ യിൽ നിലവിൽ സേവനത്തിലിരിക്കുന്ന ശ്രീമതി.സി.പി.മിനിമോൾ അപേക്ഷിച്ചിരിക്കുന്നു. മറ്റ് അപേക്ഷകരില്ലാത്തതിനാലും ഒഴിവുള്ളതിനാലും ശ്രീമതി.മിനിമോളുടെ അപേക്ഷ പരിഗണിച്ച് ടിയാളെ സ്ഥലംമാറ്റി കളമശ്ശേരി (വ) ഐ.ടി.ഐ യിൽ നിയമിക്കുന്നു.

31. ആരക്കുഴ ഐ.ടി.ഐ യിലെ എ.സി.ഡി ഇൻസ്ട്രക്ടറുടെ ഒഴിവിൽ കട്ടപ്പന ഐ.ടി.ഐ യിൽ നിലവിൽ സേവനത്തിലിരിക്കുന്ന ശ്രീ.ബെന്നി.കെ. സെബാസ്റ്റ്യൻ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്നു. മറ്റ് അപേക്ഷകരില്ലാത്തതിനാലും, തുറന്ന ഒഴിവുള്ളതിനാലും, പി.എച്ച് ആയതിനാലും ശ്രീ.ബെന്നി.കെ.സെബാസ്റ്റ്യൻ അപേക്ഷ പരിഗണിച്ച് ടിയാളെ സ്ഥലംമാറ്റി ആരക്കുഴ ഐ.ടി.ഐ യിലേയ്ക്ക് നിയമിക്കുന്നു.

32. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിലെ പള്ളിക്കത്തോട് ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.സുധീർ.എൻ.എസ്-നെ ചാലക്കുടി ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. ചാലക്കുടി ഐ.ടി.ഐ യിൽ ഒഴിവുണ്ടെന്ന പ്രിൻസിപ്പാളിന്റെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റിയ പ്രസ്തുത സ്ഥലം മാറ്റം ഇതിനാൽ റദ്ദാക്കി ഉത്തരവാകുന്നു.

മേൽപ്രസ്താവിച്ച ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്ത വിവരവും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ സ്ഥാപനത്തിൽ അറിയിക്കേണ്ടതുമാണ്. സ്ഥലംമാറ്റം അനുവദിച്ച ജീവനക്കാർക്ക് യാത്രപ്പടി, സേവനകാലം എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജ്ജ്

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- 1) ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2) വകുപ്പ് വെബ്സൈറ്റ്

R/ /7/15